WEDNESDAY 15-06-2022 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/06/2022.

1. ഐ. എഫ്. എ സ്‌പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന കമ്പനി സർക്കാർ അംഗീകൃത സ്ഥാപനം എന്ന രീതിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ പേരിൽ കർഷകർ വഞ്ചിതരാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. തെരഞ്ഞെടുത്ത പുതിയ എഫ്. പി. ഒ അപേക്ഷകൾ ഫീൽഡ് തലത്തിൽ പ്രവർത്തിച്ച് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച്, ഹാൻഡ് ഹോൾഡിങ് സപ്പോർട്ട് നൽകി കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് കർഷകരെ സഹായിക്കുന്നതിനായി E&Y (ഏണസ്റ്റ് &യങ്) എന്ന കമ്പനിയെ എസ് എഫ് എ സി ചുമതലപ്പെടുത്തിയിട്ടുള്ളതും അവർ കൊടുവള്ളി ബ്ളോക്ക് പരിധിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ എസ് ഐ കമലാസനൻ എന്നയാൾ ഐ. എഫ്. എ സ്‌പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന പേരിൽ ചെയർമാൻ എന്ന രീതിയിൽ പേര് ചേർത്തുകൊണ്ട് സർക്കാരിന്റെ പദ്ധതി നടത്തിപ്പിന് വിരുദ്ധമായി പ്രവർത്തിക്കുകയും പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറായ കോഴിക്കോട് ജില്ലാ ആത്മ പ്രോജക്ട് ഡയറക്ടർ അഗ്രി ബിസിനസ് പ്രമോട്ടിങ് ഏജൻസി (എ. ബി. പി. എ ), E&Y, S. F. A. C കേരള എന്നിവയുടെ അനുമതിയോ നിർദ്ദേശമോ ഇല്ലാതെ പ്രവർത്തിക്കുകയും S. F. A. C യുടെ മാർഗ്ഗനിർദ്ദേശ പ്രകാരമല്ലാതെ സ്വന്തം നിലയിൽ ഐ.എഫ്.എ സ്‌പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതായും ഇതിലേക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിയമനത്തിന് പത്രപരസ്യം നൽകിയതായും അറിയുന്നു. എസ് ഐ കമലാസനൻ ധർമ്മ നിലയം കൂടരഞ്ഞി, ജയേഷ് സ്രാമ്പിക്കൽ കൂടരഞ്ഞി, പുഷ്പാകരൻ കെ പി (മാനേജിങ് ഡയറക്ടർ) കുന്നമംഗലം, ഷൺമുഖദാസ് കട്ടിപ്പാറ, ബാബു മാനന്തവാടി എന്നിവർ കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായി രൂപീകരിച്ചിട്ടുള്ള ഐ. എഫ്. എ സ്‌പൈസസ് ആൻഡ് ഫുഡ് പ്രോസസിംഗ് പ്രൊഡ്യൂസർ കമ്പനി എന്ന കമ്പനിയുടെ പ്രവർത്തനവുമായി കോഴിക്കോട് ജില്ലാ ആത്മ പ്രോജക്ട് ഡയറക്ടർ, E&Y, SFAC കേരള എന്നീ ഓഫീസുകൾക്ക് യാതൊരു ബന്ധവുമില്ലെന്നും എഫ് പി ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ് എഫ് എ സി കേരള യുടെ

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നിർദ്ദേശപ്രകാരം അനുവദിക്കുന്ന ധനസഹായത്തിന് മേൽപ്പറഞ്ഞ കമ്പനിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും ഈ കമ്പനിയുടെ പേരിലുള്ള ഇടപാടുകളിൽ കർഷകർ സൂക്ഷിക്കണമെന്നും കോഴിക്കോട് ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

2. റബ്ബർമരങ്ങളെ ബാധിക്കുന്ന മഴക്കാലരോഗങ്ങളെക്കുറിച്ചും അവയുടെ നിവാരണ മാർഗ്ഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (ജൂൺ 15) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. **0481-2576622** എന്നതാണ് കോൾസെന്റർ നമ്പർ.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് ഫാം കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ഹൈബ്രിഡ് തീറ്റപ്പുല്ല് ഫാമിലെത്തിക്കുന്നതിന് 2 ടൺ വരെ ശേഷിയുള്ള പിക്-അപ്പ് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം **24** (ജൂൺ 24) ആണ്. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011-12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് **ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതി**യിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2022 ജൂലൈ 08-നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട കത്ത് എല്ലാ അംഗങ്ങൾക്കും റബ്ബർബോർഡിൽ നിന്നും അയച്ചിട്ടുള്ളതായും കത്ത് ലഭിക്കാത്തവർ ഇത് ഒരറിയിപ്പായി കണക്കാക്കണമെന്നും അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

5. പൂക്കോട് കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിലേക്കായി ഈ മാസം **16-ന്** (16/06/2022) നിശ്ചയിച്ചിരിക്കുന്ന ഇന്റർവ്യൂ അന്നേ ദിവസം ഹർത്താൽ പ്രഖ്യാപിച്ചതിനാൽ ഈ മാസം **24-ലേക്ക്** (24/06/2022) മാറ്റിവച്ചതായി അറിയിക്കുന്നു.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ **ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക്** എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്തുള്ള തിരുവാഴാംകുന്ന് പ്രവർത്തിക്കുന്ന വളർത്ത് പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഇറച്ചിക്കായി ഉപയോഗിക്കാവുന്ന 4 മാസം പ്രായമുള്ള സങ്കരയിനത്തിൽപ്പെട്ട പൂവൻ കോഴികൾ കിലോക്ക് 140 രൂപ നിരക്കിലും മുട്ടക്കോഴികൾ ഒന്നിന് 255 രൂപ നിരക്കിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **04924 293885, 6282907009**. എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂൺ 16) രാവിലെ 11 മണിക്ക് **ഏലം കൃഷിയിലെ കീട രോഗ നിയന്ത്രണ മാർഗങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക

9. ഞങ്ങളും കൃഷിയിലേക്ക് 'എന്ന പദ്ധതിയുടെ ഭാഗമായി 'പഴം - പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് **(29.6.2022)** തിരുവനന്തപുരം വെള്ളായണി, കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് നടത്തുന്നു. 500/- രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 30 പേർക്കാണ് പ്രവേശനം

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ജൂൺ 22 മുതൽ 24 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

11. മലമ്പുഴ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് **ആട് വളർത്തൽ** എന്ന വിഷയത്തിൽ നാളെ (16/06/22ന്) രാവിലെ 10 മണി മുതൽ 4 മണി വരെ പരിശീലനം നടത്തുന്നു. താൽപ്പര്യമുളളവർ **0491 – 2815454** എന്ന ഫോൺ നമ്പറിലേക്ക് വിളിച്ചോ, **9188522713** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കൊണ്ടുവരേണ്ടതാണെന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

**കാർഷിക നിർദ്ദേശങ്ങൾ**

12. വെണ്ട, വഴുതന, മുളക്, വെള്ളരിവർഗ്ഗങ്ങളായ മത്തൻ, കുമ്പളം, പടവലം, പാവൽ, കോവൽ എന്നിവയാണ് മഴക്കാലത്ത്കൃഷി ചെയ്യുന്ന പ്രധാന പച്ചക്കറി വിളകൾ. കൃത്യമായ കള നിയന്ത്രണം, മണ്ണ് കൂട്ടൽ, ചാലുകളുടെ വീതി, ആഴം കൂട്ടി ജലനിർഗ്ഗമന സാധ്യതകളും വിപുലീകരിക്കുക തുടങ്ങിയവാണ് പച്ചക്കറി വിളകളിൽ മഴക്കാലത്ത് നടത്തുന്ന പരിപാലന മുറകൾ. പച്ചക്കറികളിലെ ബാക്ടീരിയ മൂലമുണ്ടാകുന്ന വാട്ടത്തെ ചെറുക്കാനായി പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയുക. കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം / ലിറ്റർ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം / ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക. ട്രൈക്കോഡെർമ സമ്പുഷ്ടിത ജൈവവളം ഇട്ടുകൊടുക്കുക.